# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5623 27.10.2011 - ൽ മറുപടിയ്ക്ക്**

ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ

ചോദ്യം | ഉത്തരം

ശ്രീ. എ.എ അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എത്ര ലേബർ കോൺട്രാക്റ്റ് സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | സംസ്ഥനത്ത് 517 ലേബർ കോൺട്രാക്റ്റ് സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 81<br>കൊല്ലം - 113<br>പത്തനംതിട്ട - 19<br>ആലപ്പുഴ - 56<br>കോട്ടയം - 12<br>ഇടുക്കി - 22<br>എറണാകുളം - 24<br>തൃശ്ശൂർ - 23<br>പാലക്കാട് - 12<br>മലപ്പുറം - 27<br>കോഴിക്കോട് - 42<br>കണ്ണൂർ - 27<br>വയനാട് - 45<br>കാസർഗോഡ് - 14<br>ആകെ - 517 |
| (ബി) | പ്രസ്തുത സംഘങ്ങൾക്ക് എന്തൊക്കെ സാമ്പത്തിക ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന പദ്ധതി, എൻസി.ഡി.സി പദ്ധതി എന്നിവ പ്രകാരം ധനസഹായം നൽകി വരുന്നു. എൻസി.ഡി.സി പദ്ധതി പ്രകാരം കൺസ്ട്രക്ഷന് ആവശ്യമായ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് പദ്ധതിയുടെ 90% ധന |

| | | | |
|---|---|---|---|
| | | | സഹായം നൽകി വരുന്നു. 50% ലോണായും 40% ഓഹരിയായുമാണ് നൽകുന്നത്. മാർജിൻ മണി ധനസഹായമായി ഓഹരിമൂലധനവും നൽകി വരുന്നു. |
| (സി) | പ്രസ്തുത സംഘങ്ങളിൽ യഥാർത്ഥ തൊഴിലാളികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് ഉറപ്പു വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. കൂടാതെ സംഘത്തിൽ സൂക്ഷിക്കുന്ന വേജസ് രജിസ്റ്റർ, മസ്ററർ റോൾ, ഫോട്ടോ പതിച്ച ഐഡന്റിറ്റി രജിസ്റ്റർ എന്നിവ പരിശോധിച്ച് ഉറപ്പു വരുത്താം. |

സെക്ഷൻ ഓഫീസർ